(ഇ) ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ലോക്കൽ ഫണ്ട് വകുപ്പിലെ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുകയുള്ളു. അതിനാൽ ഇതിൻമേൽ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സർക്കുലർ

41 (1864) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24.11.1998ൽ ആലുവായിൽ നടത്തിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സബ് ഓഫീസ് മേധാവികളുടെ യോഗത്തിൽ ഹെഡ് ഓഫീസിൽനിന്നും 5/98-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ നിർദ്ദേശങ്ങളോട് ചില ഓഫീസ് മേധാവികൾ വിയോജിപ്പ് പ്രകടിപ്പിച്ചിരിന്നുവോ;

(ബി) എങ്കിൽ പ്രസ്തുത സർക്കുലറിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത അഭിപ്രായം കണക്കിലെടുത്ത് 5/98 ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അന്നത്തെ യോഗനടപടിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതുപ്രകാരം 5/98 എന്ന സർക്കുലറിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ പുന:പരിശോധിച്ച് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ;

(എഫ്) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ചില ഓഫീസ് മേധാവികൾ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു.

(ബി) ക്യാംപ് ഇൻസ്പെക്ഷൻ നടത്തുന്ന ഉദ്യോഗസ്ഥർ അവരുടെ റിപ്പോർട്ടിൽ ഹാജരുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ഒപ്പ് ഒഴിവാക്കണമെന്നായിരുന്നു ആവശ്യം.

(സി) രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) സർക്കുലർ പുന:പരിശോധിച്ച് ഉത്തരവിറക്കിയിട്ടില്ല.

(ഇ) വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) മുകളിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരം ആവശ്യമില്ല.

വയനാട് ലോക്കൽ ഫണ്ട് ഡി.ഡിക്ക് സ്ഥലംമാറ്റം നിഷേധിച്ച സംഭവം

42 (1865) ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly